പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.845** 13.06.2012 **-ൽ മറുപടിക്ക്**

# പാരിപ്പള്ളി ഇ.എസ്. ഐ.മെഡിക്കൽകോളേജിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.എസ്. ജയലാൽ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) പാരിപ്പള്ളി ഇ.എസ്.ഐ.മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി അറിയിക്കുമോ ;<br><br>(ബി) എത്ര രൂപാ അടങ്കലിനാണ് നിർമ്മാണം നൽകിയിട്ടുള്ളതെന്നും, ഏത് ഏജൻസിയാണ് പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ&ബി) 2013 – മാർച്ച് 31-ന് പണി പൂർത്തിയാക്കി ഇ.എസ്.ഐ കോർപ്പറേഷന് കെട്ടിടം കൈമാറ്റം ചെയ്യുമെന്ന് നിർമ്മാണ ഏജൻസിയായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. 480 കോടി രൂപ അടങ്കലിനാണ് നിർമ്മാണം നൽകിയിട്ടുള്ളത്. |
| (സി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) 2013-2014 വർഷത്തിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. കെട്ടിടം പണിപൂർത്തിയാക്കിയതിനു ശേഷം മെഡിക്കൽ കോളേജിൽ അധ്യയനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് മെഡിക്കൽകോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ